(സി) ആശുപത്രി ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്ത് കച്ചവടം നടത്തുന്ന ശ്രീ. പ്രീത്കുമാറിന് മതിലുപൊളിച്ച് വിക്കറ്റ് ഗേറ്റ് പണിത് കിട്ടുന്നതിന് ടിയാൻ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നുണ്ട്. ഇതിനെതിരായി പി.ജി. സ്റ്റുഡന്റ്സ് അസോസിയേഷനും ഹൗസ് സർജൻസ് അസോസിയേഷനും WP(C) No. 2030/16 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധന

36(734) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കണമെന്ന നിബന്ധനയുണ്ടോ;

(ബി) ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഡോക്ടർമാർ പ്രസ്തുത നിബന്ധന പാലിക്കാത്തത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരവും (ഉത്തരവ് നമ്പർ എ.എസ്.എ. 2-6836(/2012/ആ.വ.ഡ. തീയതി 19-10-2012), സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ(ആർടി) നമ്പർ 1895/2014/എച്ച് ആന്റ് എഫ് ഡബ്ല്യു.ഡി. തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആവഡ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗവൺമെന്റ് ഉത്തരവുകൾ പാലിക്കാത്ത ഡോക്ടർമാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചേലക്കര മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

37(735) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ചേലക്കര മണ്ഡലത്തിൽ എത്ര പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly